# FIRST TERM EXAMINATION 2017-18

## CLASS X

## MALAYALAM

*Max Marks : 80* *Time: 3 Hrs.*

## 'എ' വിഭാഗം

I. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സങ്കീർണ്ണത നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. സൃഷ്ടിയുടെ മാഹാത്മ്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതിന്റെ അനന്തതയും വൈവിധ്യവും സൗന്ദര്യവും എത്രകണ്ടു അറിയുവാൻ നാം ശ്രമിക്കുന്നുവോ അത്രകണ്ടായിരിക്കും ജീവിതം ആസ്വദിക്കുന്നതിനുള്ള താൽപര്യം നമ്മിൽ കൂടിവരിക. അതു വർദ്ധിക്കുന്തോറും ശാന്തി കൈവരുത്തുവാനുള്ള മാർഗ്ഗവും തെളിഞ്ഞു കാണും. അന്ധയും ബധിരയും ഊമയുമായ അമേരിക്കക്കാരി ഹെലൻ കെല്ലറെപ്പറ്റി കേട്ടിട്ടില്ലേ? എന്താണ് ഒരാൾക്കു നേരിടുവാനുള്ള ഏറ്റവും വലിയ ആപത്ത്? എന്ന ചോദ്യത്തിന് "കണ്ണുണ്ടായിട്ടും കാണാതിരിക്കുന്നതാണ് മനുഷ്യനു സംഭവിക്കാവുന്ന ഏറ്റവും വലിയ നിർഭാഗ്യം" എന്നായിരുന്നു അവരുടെ മറുപടി. ഊർജ്ജസ്വലതയോടെ ജീവിക്കലും "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന മട്ടിൽ കഴിഞ്ഞുകൂടലും തമ്മിൽ വലിയ അന്തരമുണ്ട്. എന്താണ് ഊർജ്ജസ്വലതയോടെ ജീവിക്കുക എന്നു പറയുമ്പോൾ നാം വിവക്ഷിക്കുന്നത്? സൃഷ്ടിപരമായ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ ഊർജ്ജസ്വലതയോടെ ജീവിക്കുകയാണെന്നു പറയാം. ഗ്രന്ഥ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഒരു ചിത്രം വരക്കുമ്പോഴും വിഷമമേറിയ ഒരു പ്രശ്നത്തിന്റെ പരിഹാരത്തെപ്പറ്റി ചിന്തിക്കുമ്പോഴും നാം ഊർജ്ജസ്വലതയോടെ ജീവിക്കുകയാണ്. അവനവൻ ചെയ്യേണ്ട പ്രവൃത്തി അത് എന്തുതന്നെയായാലും കൃത്യനിഷ്ഠയോടെ നിർവഹിക്കുമ്പോഴും സ്ഥിതി ഇതു തന്നെയാണ്. കലാപരമായ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ നമുക്കു ഒരുന്മേഷവും ഉത്സാഹവും തോന്നാതിരിക്കില്ല. നല്ലൊരു കളി കാണുക, നല്ലൊരു ഗ്രന്ഥം വായിക്കുക, പലതരത്തിലുള്ള പൂച്ചെടികൾ ഉദ്യാനത്തിൽ നട്ടു വളർത്തുക – ഇതെല്ലാം ചെയ്യുമ്പോൾ ജീവിതം തികച്ചും ആസ്വദിക്കുന്നതായി നമുക്ക് അനുഭവപ്പെടും.

**ചോദ്യങ്ങൾ**

1. ജീവിതം ആസ്വദിക്കുന്നതായി നമുക്കനുഭവപ്പെടുന്നത് ഏതേതു സന്ദർഭങ്ങളിലാണ്? 2
2. ഈ ലോകത്തിൽ എന്താണ് നമ്മിൽ വിസ്മയം ജനിപ്പിക്കുന്നത്? 2
3. ജീവിതം ആസ്വദിക്കുന്നതിനുള്ള താൽപര്യം നമ്മിൽ വർദ്ധിക്കുന്നതെങ്ങനെ? 2
4. ഏതെല്ലാം സന്ദർഭങ്ങളിലാണ് നാം ഊർജ്ജസ്വലതയോടെ ജീവിക്കുന്നു എന്നു പറയുവാൻ സാധിക്കുന്നത്? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. 2

## 'ബി' വിഭാഗം

II. a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു ഉപന്യസിക്കുക. 8

(1) യുവജനോത്സവം

(2) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

(3) മദ്യവും മയക്കുമരുന്നും

b) വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ധനസഹായം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കൃഷിവകുപ്പുമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക.. 8

## 'സി' വിഭാഗം

III. a) 1. പ്രയോഗം മാറ്റുക 1

വെള്ളായിയപ്പൻ പാറാവുകാരനാൽ ജയിലിന്റെ പടിക്കൽ തടയപ്പെട്ടു

2. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

ഇന്നു മംഗളത്തിനുവേണ്ടി നാം പാളയത്തിൽ നിന്നു പുറത്തു പാർക്കണം

3. തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക 1

ബന്ധുക്കൾക്കിടയിൽ പ്രതാപത്തോടും ശ്രീയോടും ഐശ്വര്യത്തോടും
കൂടിയിരിക്കുന്ന ഒരുവനോടാണ് ഒരാളിത് ചെയ്യതെങ്കിൽ ബഹുമാനിക്കാമായിരുന്നു.

b) 1. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 1

ഒരിറ്റ്

2. വിഗ്രഹിച്ച് സമാസം നിർണയിക്കുക 1

ഭവൽപദം

3. ശരിയായ പര്യായപദങ്ങളേത്? 1

ഗളം (കണ്ഠം, ഊരു, ഗ്രീവം, വചസ്സ്)

4. ശരിയായ നാനാർഥപദങ്ങളേവ? 1

അണി (നിര, ആദ്യം, കൂട്ടം, തിര)

5. ശരിയായ വിപരീതപദമേത്? 1

ദുഷ്കരം (കരം, നിഷ്കരം, സുകരം, ആകരം)

6. ശരിയായ അർഥവ്യത്യാസമെഴുതുക 1

യതി – മതി (ബുദ്ധി, ദ്വിജൻ, സന്യാസി, ഓർമ്മ)

7. എതിർലിംഗമെഴുതുക 1

കർഷകൻ (കർഷകി, കർഷക, കർഷകത്തി)

## 'ഡി' വിഭാഗം

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (8 x ½) 4

1) പ്രിയദർശനം എന്ന കവിതയുടെ കർത്താവാര്?

(ഉള്ളൂർ, കുമാരനാശാൻ, എഴുത്തച്ഛൻ)

2) പടക്കളത്തിൽ ദുര്യോധനനെ ഒടുക്കമൊന്നു കാണുവാൻ ആരാണ് കടന്നുവന്നത്?

(സാത്യകി, സഞ്ജയൻ, ഭീമൻ)

3) "ഖസാക്കിന്റെ ഇതിഹാസം" എന്ന കൃതി ആരെഴുതിയതാണ്?
(ഒ. വി. വിജയൻ, കുമാരനാശാൻ, കുട്ടികൃഷ്ണമാരാർ)

4) ശപിക്കപ്പെട്ടവൻ എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ, അതീ .............. ആരെപ്പറ്റിയാണ്?
(നാരദൻ, കൃതവർമാവ്, അശ്വത്ഥാമാവ്)

5) "ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി". ആരുടെ സംഭാഷണം?
(അപരിചിതന്റെ, പാറാവുകാരന്റെ, മേധാവിയുടെ)

6) "ലക്ഷ്മണസാന്ത്വനം" എന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ്?
(കൃഷ്ണഗാഥ, സാഹിത്യമഞ്ജരി, അധ്യാത്മരാമായണം)

7) അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ! - ആര്?
(വിവേകികൾ, ധനവാന്മാർ, യോഗികൾ)

8) ക്ഷണപ്രഭാചഞ്ചലം എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?
(സംസാരം, ഭോഗങ്ങൾ, ധാന്യധനാദികൾ)

V. ഉത്തരമെഴുതുക

a) 1) "പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറികാര്യവും,"–
ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക. 4

2) വിദ്യയെക്കുറിച്ചു ശ്രീരാമൻ ഏതെല്ലാം വിധത്തിലാണു വിശകലനം ചെയ്യുന്നത്? 4

3) "ചക്ഷുശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു -
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു" -
സന്ദർഭം എഴുതി ആശയം വ്യക്തമാക്കുക 4

4) "ഭാവശാലികൾ പിരിഞ്ഞുകൂടിയാ -
ലീവിധം വികലമാം സുഖോദയം"
ഭാവശാലികളാര്? പിരിയാനുള്ള കാരണമെന്ത്? 4

b) 1) "കടൽത്തീരത്ത്" എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക 4

2) അശ്വത്ഥാമാവിനെ ചിരഞ്ജീവിയായും, സർവ്വവ്യാപിയായും കൽപിച്ചതിന്റെ അർത്ഥം എന്താണ്? 4

3) വെള്ളായിയപ്പന്റെ ദു:ഖം ഗ്രാമത്തിന്റെ ദു:ഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം? 4

4) ഭാരതയുദ്ധം തുടങ്ങുമ്പോൾ പാണ്ഡവരും കൗരവരും തമ്മിൽ ചെയ്ത കരാർ എപ്രകാരമായിരുന്നു? 4

c) 1) കുഞ്ഞൻപിള്ളയ്ക്ക് പേരിന്റെ കൂടെ "ചട്ടമ്പി" എന്ന വിശേഷണം കിട്ടിയതെങ്ങനെയെന്നു വിവരിക്കുക. 4

2) ചട്ടമ്പി സ്വാമികളുടെ ബാല്യകാല ജീവിതം വിശദമാക്കുക. 4